(7 pages) **Reg. No. : ..............................**

**Code No. : 20077** **Sub. Code : E 1 MY 31**

U.G. (CBCS) DEGREE EXAMINATION, NOVEMBER 2024.

Third Semester

Part I — Malayalam

Paper III — POETRY

(For those who joined in July 2023 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. ജരിതാവിലാപം എന്ന ഭാഗത്ത് സൂചിപ്പിക്കപ്പെടുന്ന വനമേത്?
   (a) ഖാണ്ഡവ വനം (b) വൃന്ദാവനം
   (c) ദണ്ഡകാരണ്യം (d) നൈമിശാരണ്യം

2. വീണപൂവ് ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത്?
   (a) വിദ്യാവിലാസിനി (b) വിദ്യാവിനോദിനി
   (c) മിതവാദി (d) മാതൃഭൂമി

3. "ആരുവാങ്ങുമിന്നാരുവാങ്ങുമീ-
   യരാമത്തിന്റെ രോമാഞ്ചം"
   - പാടിയതാര്?
   (a) എഴുത്തച്ഛൻ (b) ചെറുശ്ശേരി
   (c) ചങ്ങമ്പുഴ (d) ആശാൻ

4. കൃഷ്ണകവിതകളുടെ കർത്താവാര്?
   (a) സുഗതകുമാരി (b) ചങ്ങമ്പുഴ
   (c) വൈലോപ്പിള്ളി (d) ആശാൻ

5. കുറത്തി ആരുടെ കവിത?
   (a) കടമ്മനിട്ട രാമകൃഷ്ണൻ
   (b) ചങ്ങമ്പുഴ
   (c) ആശാൻ
   (d) സുഗതകുമാരി

6. സംക്രമണം എന്ന കവിത എഴുതിയതാര്?
   (a) സുഗതകുമാരി
   (b) അനിതാ തമ്പി
   (c) ആറ്റൂർ രവിവർമ്മ
   (d) എസ്. ജോസഫ്



*Nesamony Memorial Christian College, Marthandam*

7. ഉമ്മുക്കുൽസു ഏത് കവിതയിലെ കഥാപാത്ര മാണ്?

(a) തോരാമഴ

(b) സർവ്വേ ഓഫ് ഇന്ത്യ

(c) പട്ടാമ്പിപ്പുഴമണലിൽ

(d) ബുദ്ധനും ആട്ടിൻകുട്ടിയും

8. ഇനി തുണ നീ മാത്രം ബുദ്ധ എന്നു പറഞ്ഞ താര്?

(a) ആട്ടിൻകുട്ടി (b) പെൺകുട്ടി

(c) അമ്മക്കോഴി (d) ചങ്ങമ്പുഴ

9. അഴകില്ലാത്തവയെല്ലാം ആരുടെ കൃതി?

(a) അനിതാ തമ്പി (b) അ. അയ്യപ്പൻ

(c) സുഗതകുമാരി (d) എസ്. ജോസഫ്

10. ഒരു ഗോവിനോ ഒരു ചണ്ഡാളനോ കൂടുതൽ തൂക്കം – ഏത് കവിതയിലെ വരികളാണിത്?

(a) തോരാമഴ

(b) ബുദ്ധനും ആട്ടിൻകുട്ടിയും

(c) വീണപൂവ്

(d) സർവ്വേ ഓഫ് ഇന്ത്യ



PART B — (5 × 5 = 25 marks)

രണ്ടരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) ജരിതയുടെ വിലാപത്തിന് കാരണമെന്താ യിരുന്നു? വിവരിക്കുക.

അല്ലെങ്കിൽ

(b) ജന്തുക്കൾ ഭക്ഷിച്ചിട്ട് മരിക്കുന്നതിനേക്കാൾ

വെന്തു ചാകുന്നതത്രേ ഗതിയെന്നറിഞ്ഞാലും - ആര് ആരോടാണിങ്ങനെ പറഞ്ഞത് സന്ദർഭം എഴുതി വിവരിക്കുക.

12. (a) ശ്രീ ഭൂവിലസ്ഥിരം, അസംശയം - ഇന്ന് നിന്റെ

യാഭൂതിയെങ്ങു, പുനരെങ്ങു
കിടപ്പിത്തോർത്താൽ

- ആശയവും സന്ദർഭവും വിവരിക്കുക.

അല്ലെങ്കിൽ

(b) "ഈടുവയ്പ്പുകളെല്ലാം പോകിലും
പുതിയൊരു
നാട് നമ്മുടേതാകാം അസംഖ്യം
തോഴന്മാരും "

- ആശയം വ്യക്തമാക്കുക.



*Nesamony Memorial Christian College, Marthandam*

13. (a) ആ മുരളിയിൽ നിന്നൊരു വെറും

കോമള ഗാനം പോരുമേ - ആശയം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ആക്ഷേപഹാസ്യ കവിത എന്നാലെന്ത്? വിവരിക്കുക.

14. (a) തീയോ വന്നു പിടിച്ചു കാലിൽ

ക്രൂരം മൃതിയോ? - ആശയം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) "നാളെ നിന്നെ ഞാൻ കൊത്തി മാറ്റുമ്പോൾ

നീയും നിന്റെ കഥകൾ തുടങ്ങും" - ആശയം വ്യക്തമാക്കുക.

15. (a) ബുദ്ധനും ആട്ടിൻകുട്ടിയും എന്ന കവിതയുടെ പൊരുളെന്ത്?

അല്ലെങ്കിൽ

(b) രാവരിച്ചു വന്നെത്തുന്ന പത്രം

വാതിലിൽ വന്നു മുട്ടി വീഴുമ്പോൾ

ചപ്പു വാരി നിവർന്നവൾക്കിത്ര

കാപ്പി മട്ടു കുടിക്കുവാൻ ദാഹം - ആശയം വ്യക്തമാക്കുക.



PART C — (5 × 8 = 40 marks)

അഞ്ചു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16. (a) വീണപൂവിനെ ആധാരമാക്കി ആശാന്റെ ജീവിതദർശനത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) ചങ്ങമ്പുഴക്കവിതയുടെ സവിശേഷതകൾ ആ പൂമാല എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

17. (a) മോഹൻദാസ് ഗാന്ധിയും നാഥുറാം ഗോഡ്സെയും എന്ന കവിതയെ മുൻനിർത്തി എൻ.വി. കൃഷ്ണവാര്യരുടെ കവിതയിലെ ആക്ഷേപഹാസ്യത്തെക്കുറിച്ചുപന്യസിക്കുക.

അല്ലെങ്കിൽ

(b) യുഗപരിവർത്തനം എന്ന കവിതയെ മുൻനിർത്തി വൈലോപ്പിള്ളി കവിതയുടെ സവിശേഷതകൾ വിലയിരുത്തുക.

18. (a) മേഘരൂപൻ എന്ന കവിതയെ മുൻനിർത്തി ആറ്റൂർ രവിവർമ്മയുടെ കാവ്യരചനാ സമ്പ്രദായത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) പട്ടാമ്പിപ്പുഴമണലിൽ എന്ന കവിത സൂചിപ്പിക്കുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങൾ എന്തെല്ലാം? ചർച്ചചെയ്യുക.



Nesamony Memorial Christian College, Marthandam

19. (a) ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയ്ക്ക് നേരെയുള്ള നിശിത വിമർശനമാണ് സർവ്വേ ഓഫ് ഇന്ത്യ എന്ന കവിത - വിലയിരുത്തുക.

അല്ലെങ്കിൽ

(b) മുറ്റമടിക്കുമ്പോൾ എന്ന കവിത വെളിപ്പെടുത്തുന്ന സ്ത്രീയവസ്ഥകളെക്കുറിച്ച് ഉപന്യസിക്കുക.

20. (a) മലയാള സാഹിത്യത്തിലെ ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) സമകാലീന മലയാള കവിതകളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിലയിരുത്തുക.

---